File No.HEALTH-S1/162/2017-HEALTH

2038
4/2/21

അനുബന്ധം എച്ച് 4

നോട്ടീസ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സൈക്യാട്രിക് സോഷ്യൽ വർക്കറായ ശ്രീമതി.സീന ആന്റണി എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവീസ് ചട്ടങ്ങൾ (തരം തിരിക്കൽ, നിയന്ത്രണം & അപ്പീൽ) വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർപത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ തലത്തിൽ 18.11.2015-തീയതിയിലെ H2/30327/2006/DME നമ്പർ കത്ത് താങ്കൾക്ക് അയച്ചു നൽകിയെങ്കിലും, 10.12.2015-തീയതിയിൽ ആയത് കൈപ്പറ്റാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തിരികെ ലഭിക്കുകയുണ്ടായി. തുടർന്ന് വിശദീകരണം എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ 15 ദിവസത്തിനുള്ളിൽ ആയത് എഴുതി നൽകേണ്ടതാണെന്നും അല്ലാത്തപക്ഷം യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചൂണ്ടികാട്ടി 04.02.2016-തീയതിയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ www.dme.kerala.gov.in വെബ് സൈറ്റിൽ അപ്പന്റിക്സ് എച്ച് 4 നോട്ടീസ് താങ്കൾക്കെതിരെ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയത് 05/03/2016-തീയതിയിലെ ദീപിക പത്രത്തിലും പ്രസിദ്ധപ്പെടുത്തിയെങ്കിലും താങ്കളുടെ ഭാഗത്ത് നിന്നും യാതൊരു വിധ പ്രതികരണങ്ങളും സർക്കാരിലോ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലോ ലഭ്യമായില്ല.

കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം ഗുരുതരമായ ശിക്ഷകൾ ചുമത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഒരു ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി കൊണ്ട് 20.11.2019-തീയതിയിലെ സ.ഉ(സാധാ)നം.2777/2019/ആ.കു.വ പ്രകാരം തുടർന്ന് സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനായി സർവ്വീസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, എതിർവാദമുണ്ടെങ്കിൽ അത് സംബന്ധിച്ച തെളിവുകളും സഹിതം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരാകുന്നതിന് രണ്ടു തവണ താങ്കൾക്ക് നിർദ്ദേശം നൽകിയെങ്കിലും ആയതു കൈപ്പറ്റാതെ മടങ്ങുകയുണ്ടായി. അന്വേഷണവുമായി ബന്ധപ്പെട്ടും താങ്കൾ പ്രതികരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കെ.സി.എസ് (സി.സി&എ) ചട്ടങ്ങൾ പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് സർക്കാർ താത്ക്കാലിക തീരുമാനം കൈക്കൊള്ളുകയുണ്ടായി. ടി തീരുമാനം വ്യക്തമാക്കി കൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തരം താങ്കൾക്ക് അയച്ചു നൽകിയിരുന്നെങ്കിലും ആയതും കൈപ്പറ്റാതെ മടങ്ങുകയാണുണ്ടായത്. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ഇക്കാര്യത്തിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർനടപടികൾ എടുക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുമ്പ് ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

രാജൻ നാംദേവ് ഖൊബ്രഗഡെ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

ശ്രീമതി.സീന ആന്റണി
വടശ്ശേരി ഹൗസ്
വെസ്റ്റ് പരിയാരം
തൃശ്ശൂർ- 680 721